## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3513. 08/11/2019 -ൽ മറുപടിക്ക്

**ഫീസ് ആനുകൂല്യവും ഫിഷർമെൻ സ്കോളർഷിപ്പും**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **ഡോ.കെ.ടി.ജലീൽ ( ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)** |
| (എ) കമ്മ്യൂണിറ്റി ക്വോട്ടയിൽ പ്രവേശനം നേടുന്ന ജനറൽ കാറ്റഗറി കോളേജ് വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ഫീസ് ആനുകൂല്യം നിർത്തലാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) കുമാര പിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2.05.1966-ൽ പുറപ്പെടുവിച്ച സ.ഉ(പി) നമ്പർ 208/66/Edn എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പോസ്റ്റ് മെട്രിക് തലത്തിൽ എസ്.ഇ.ബി.സിയ്ക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചത്. 21.07.1972-ലെ ജി.ഒ(എം.എസ്) നമ്പർ.158/72/Edn എന്ന ഉത്തരവ് പ്രകാരം ടി വിദ്യാഭ്യാസാനുകൂല്യം മുന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് കൂടി അനുവദിക്കുകയുണ്ടായി. 02.05.1966-ലെ ടി ഉത്തരവ് പ്രകാരം മെരിറ്റിലും റിസർവേഷനിലും പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മാത്രമാണ് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു വരുന്നത്. അതിനാൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം നേടുന്ന ജനറൽ വിഭാഗത്തിനോ ഒ.ബി.സി വിഭാഗത്തിനോ വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നില്ല. |
| (ബി) ഒ. ബി. സി., ഒ. ഇ. സി ക്വാട്ടയിൽ കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥി കളിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുട്ടികൾക്ക് ലഭ്യമായിരുന്ന ഫിഷർമെൻ സ്കോളർഷിപ്പ് നിലവിൽ ലഭ്യമാക്കുന്നുണ്ടോ എന്നറി യിക്കുമോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ? | (ബി) സ.ഉ (എം.എസ്)നം.47/14/മതുവ തീയതി 09/06/2014 ഉത്തരവ് പ്രകാരമാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. പട്ടികജാതി വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾക്ക് വിധേയമായിട്ടാണ് ഫിഷറീസ് വകുപ്പ് രജിസ്റ്റേഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് വരുന്നത്.<br><br>27/06/11-ലെ സ.ഉ (സാധാ)നം.587/2011/പ.ജ.പ.വ.വി.വ പ്രകാരം സർക്കാർ നിയന്ത്രിത/അംഗീകൃത എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് അർഹ വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റ്/റിസർവേഷൻ മാനേജ്മെന്റ് ക്വാട്ട മാനദണ്ഡങ്ങൾ പരിഗണിക്കാതെ നിലവിലുള്ള ആനുകൂല്യം അനുവദിച്ച് നൽകുന്നതിന് |

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് അനുവാദം നൽകിയിരുന്നു. ഇത്തരത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കാൻ അർഹതയുള്ളവർക്ക് ഫിഷറീസ് വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം നൽകുന്നതല്ല. ഇത്തരത്തിൽ ഒ.ബി.സി, ഒ.ഇ.സി ക്വാട്ടയിൽ പ്രവേശനം നേടിയ പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**